

ഒരു നീണ്ട മത്സരത്തിന്റെ കഥ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ദേവന്മാരെ തോല്പിക്കുന്നതിനു വേണ്ടി കൂടുതൽ ശക്തി സമ്പാദിക്കുവാൻ ശുക്രാചാര്യർ തപസ്സു തുടങ്ങി.

ആ വിവരം അറിഞ്ഞപ്പോൾ ഏറ്റവും ചഞ്ചലപ്പെട്ടതു് ഇന്ദ്രനാണ്. വിജയപൂർവം അതു നിർവഹിച്ചാൽ അസുരഗുരുവിനു് അത്യുഗ്രമായ ശക്തി പ്രയോഗിക്കുവാനുള്ള കരുത്തു സ്വായത്തമായിത്തീരുമെന്നു തീർച്ചയാണ്. ഇതുമൂലം നഷ്ടം വരുന്നതുദേവന്മാർക്കും ഇന്ദ്രനുമാണ്. കാര്യം ഇങ്ങനെ പോയാൽ വലിയ കുഴപ്പമാകും. അതൊക്കെ ഒഴിവാകണമെങ്കിൽ ശുക്രാചാര്യന്റെ തപസ്സു മുടക്കണം. അല്ലാതെ വഴിയില്ല. വളരെ ആലോചിച്ചശേഷം ഒരു വഴി കണ്ടെത്തി. മകളായ ജയന്തിയെ മുനിയുടെ അടുത്തേക്കു് അയയ്ക്കുക. അവൾ ശുശ്രൂഷകൊണ്ടും സ്നേഹം കൊണ്ടും നയോപായങ്ങൾ കൊണ്ടും അദ്ദേഹത്തെ പാട്ടിലാക്കണം. അങ്ങനെ അവൾ ദേവന്മാരെ ആപത്തിൽ നിന്നു രക്ഷിക്കണം.

ജയന്തി ശുക്രാചാര്യൻ തപസ്സു ചെയ്യുന്ന സ്ഥലത്തു് എത്തി. ആവശ്യപ്പെട്ടില്ലെങ്കിലും അവൾ മുനിക്കു വേണ്ട കാര്യങ്ങളൊക്കെ സ്നേഹാധിക്യം പ്രകടിപ്പിച്ചുകൊണ്ടു ചെയ്തു തുടങ്ങി. ഉത്തമയായ

ഒരു ഭാര്യയ്ക്കുപോലും ചെയ്യുവാൻ കഴിയാത്ത വിധത്തിലായിരുന്ന ഇന്ദ്രസുതയായ അവൾ മുനിയെ പരിചരിച്ചതു്. ഒരായിരം കൊല്ലം വിഘ്നം കൂടാതെ ശുക്രാചാര്യൻ തപസ്സു് നടത്തി. അതിന്റെ അന്ത്യത്തിൽ പരമശിവൻ സംതൃപ്തനായി വരവും നല്കി. അതുകഴിഞ്ഞു വിജയശ്രീ ലാളിതനായ മുനി കണ്ണു തുറന്നപ്പോൾ കണ്ടതു ജയന്തിയെയാണ്. ഇവളാണ് ഇത്രയും കാലം തികഞ്ഞ സമർപ്പണബുദ്ധിയോടേ തന്നെ സേവിച്ചതു്! ഇവളുടെ പരിചരണം ഇല്ലായിരുന്നെങ്കിൽ ഇത്രയും സുഖമായി തപസ്സു് അനുഷ്ഠിക്കുവാൻ സാധിക്കുമായിരുന്നില്ലെന്നു തീർച്ചയാണ്. മുനിയുടെ ഹൃദയത്തിലുണ്ടായ സന്തോഷത്തിനു് അതിരില്ലാതായി. സന്തുഷ്ടനായ അദ്ദേഹം അവൾക്കു് എന്തു വരമാണു വേണ്ടതെന്നു ചോദിച്ചു. വേല ചെയ്യുന്നവർക്കു് അല്പമെങ്കിലും പ്രതിഫലത്തിനു് അർഹതയില്ലേ?

ഇത്രയും നാൾ ആത്മാർത്ഥതയോടേ ശുശ്രൂഷിച്ചു ജീവിച്ച തനിക്കു്, അദ്ദേഹത്തിന്റെ ഭാര്യയായി, തുടരുന്നതിനുള്ള സന്ദർഭവും ഭാഗ്യവും ഉണ്ടാകണം. ഇതാണു ജയന്തി അറിയിച്ചതു്! അവളുടെ ആശ അനുവദിക്കാതിരിക്കുന്നതു നന്ദികേടല്ലേ? എന്നാൽ എക്കാലവും അതിനു മുനിയായ തനിക്കു സാധിക്കുമോ? ഇല്ല! അതുകൊണ്ടു പത്തു സംവൽസരം അവളുമൊത്തു ജീവിക്കാമെന്നു് അദ്ദേഹം സമ്മതിച്ചു. ഇക്കാലത്തു മററാരും അവരെ കാണുന്നതുമല്ല.

ശുക്രാചാര്യൻ ശിവനിൽനിന്നു ദിവ്യമന്ത്രം വരമായി നേടിയ വിവരം ലോകരെല്ലാം അറിഞ്ഞു: എന്നാൽ അദ്ദേഹം എവിടെയാണ്? ആർക്കും ഒരു വിവരവുമില്ല. ദൈത്യന്മാർ അവരുടെ ഗുരുവിനെ കണ്ടുപിടിക്കുവാൻ വലിയ ശ്രമത്തിൽ ഏർപ്പെട്ടു. എന്നാൽ ഇന്ദ്രനു വിവരം അറിയാമായിരുന്നു. മുനി അസുരന്മാരുടെ ഇടയിൽ ചെല്ലുന്നതിനു മുമ്പു വേണ്ടതു ചെയ്യണം. ഇല്ലെങ്കിൽ എല്ലാം തകരാറിലാകും.

ദേവേന്ദ്രൻ കുലഗുരുവായ ബൃഹസ്പതിയുടെ (വ്യാഴം) സന്നിധിയിലെത്തി എല്ലാം വിവരമായി അറിയിച്ചു. ഈ സന്ദർഭം ശരിക്കും പ്രയോജനപ്പെടുത്തണം. ശുക്രവേഷമെടുത്തു കുലഗുരു അസുരസഭയിൽ പോകണം. മായകൊണ്ടു മയക്കി, അവരെ പരാജയത്തിന്റെ പാതയിലേക്കു പ്രവേശിപ്പിക്കണം.

വ്യാഴാചാര്യൻ രൂപം മാറി ശുക്രാചാര്യനായി, അസുരന്മാരുടെ ഇടയിൽ എത്തിയപ്പോൾ അവർക്കു് എന്തു സന്തോഷമാണുണ്ടായതു്! നയോപായങ്ങൾ മൂലം കപടവേഷധാരി അവരെ മയക്കി അവിടെ ജീവിച്ചു.

സംവൽസരം പത്തു കടന്നുപോയി. ജയന്തിയിൽ നിന്നൊഴിഞ്ഞു ശുക്രൻ യാത്രയായി. അദ്ദേഹം നേരേ ചെന്നതു് അസുരന്മാരുടെ ഇടയിലേക്കാണ്. എന്താണ് അവിടെ കണ്ടതു്? തന്റെ സ്വന്തം പകർപ്പായ ഒരു ശുക്രാചാര്യൻ അവിടെയിരിക്കുന്നു! ഇതെന്തു് അദ്ഭുതമാണ്? മായയാണ്?


എന്താണു ചെയ്യേണ്ടതു്?

ദൈത്യന്മാരെ നോക്കി അദ്ദേഹം പലതും പറഞ്ഞു. ഈ കള്ളവേഷക്കാരനെ ഇവർ എങ്ങനെ എന്തുകൊണ്ടു സ്വീകരിച്ചു? കോപവും സങ്കടവും നിരാശയുംകൊണ്ടു് എന്തൊക്കെയാണ് അദ്ദേഹം പറഞ്ഞതു്! എന്നാൽ ആരും അദ്ദേഹത്തെ കാര്യമായി കണക്കാക്കിയില്ല. സ്വീകരിച്ചില്ല. വിശ്വസിച്ചതുമില്ല! ശുക്രാചാര്യരൂപം ധരിച്ചിരുന്ന വ്യാഴാചാര്യൻ അല്പം പോലും കുലുങ്ങിയില്ലതാനും! അദ്ദേഹം ശുക്രനെ ശകാരിക്കാനും മടി കാണിച്ചില്ല!

ഈ അവഹേളനവും നന്ദികേടും ശുക്രാചാര്യനു സഹിക്കുവാൻ സാധിച്ചില്ല. ''നിങ്ങളുടെ യഥാർത്ഥ ഗുരുവായ ഞാൻ പറയുന്നതൊന്നും അനുസരിക്കാനും വിശ്വസിക്കുവാനും കൂട്ടാക്കാത്ത നിങ്ങൾ, നന്ദികെട്ടവരാണ്. നിങ്ങൾക്കു പരാജയം ഉണ്ടാകട്ടെ!''—ഉഗ്രമായി ശപിച്ചു ശേഷം ശുക്രാചാര്യൻ നടന്നു!

ഈ സംഭവവികാസങ്ങൾ വ്യാഴാചാര്യനെയും ദേവന്മാരെയും സന്തുഷ്ടരാക്കി. തന്റെ ലക്ഷ്യം സാധിച്ചതിൽ സന്തോഷം തോന്നിയ വ്യാഴാചാര്യൻ രഹസ്യമായി ദേവലോകത്തേക്കു മടങ്ങി. അദ്ദേഹത്തെ കണ്ടപ്പോൾ ദേവേന്ദ്രനുണ്ടായ സന്തോഷം എത്രയായിരുന്നു! ഇനി അസുരന്മാരുമായി യുദ്ധത്തിനു പോകാം. അതിനുള്ള ഒരുക്കങ്ങൾ തുടങ്ങി, ദേവന്മാർ.

അസുരന്മാർ തങ്ങൾക്കു പററിയ വഞ്ചന അറിഞ്ഞപ്പോൾ വല്ലാതെ ദുഃഖിച്ചു. വിഷമിച്ചു. പിന്നെങ്ങിപ്പിരിഞ്ഞ തങ്ങളുടെ ഗുരുവിനെ കണ്ടു സകല അപരാധങ്ങളും പൊറുക്കണമെന്നു വീണുകേണപേക്ഷിച്ചു. അവരുടെ ദയനീയമായ സ്ഥിതി



കണ്ടപ്പോൾ ശുക്രാചാര്യന്റെ മനസ്സ് അലിഞ്ഞു. വാസ്തവത്തിൽ ഇവർ നിരപരാധികളാണ്. വഞ്ചനക്കു വിധേയരായവരാണ്. അവരെ കൈവിടുന്നതു കഷ്ടമല്ലേ?

കാര്യങ്ങളുടെ കിടപ്പു വേണ്ടപോലെ കാണാൻ കഴിവുള്ള അദ്ദേഹം വളരെയധികം ചിന്തിച്ചു. കാലയോഗം നിമിത്തം അസുരർക്കു വിജയസാദ്ധ്യത തീരെയില്ല. ഇനിയുള്ള കാലം ദേവന്മാരുടെ പ്രാഭവകാലമാണ്. മൽസരത്തിൽ തോററു പാതാളത്തിൽ പോകുകയേ അസുരന്മാർക്കു വഴിയുള്ളു. എന്നാൽ സാവർണ്ണമനുവിന്റെ കാലമാകുമ്പോൾ അസുരർക്ക് അധികാരം വീണ്ടും കൈവരും. അക്കാലത്തു പ്രഹ്ലാദന്റെ പൗത്രനായ ബലി മൂന്നു ലോകങ്ങളും വിജയിച്ചു വാഴും. കാലചംക്രമണത്തിന്റെ ഫലങ്ങൾ അനുഭവിച്ചേതീരൂ. ഇതായിരുന്നു ശുക്രാചാര്യന്റെ ഉപദേശം.

ഈ വിവരങ്ങൾ അസുരന്മാരെ പ്രഹ്ലാദൻ അറിയിച്ചെങ്കിലും യുദ്ധം ചെയ്യണമെന്ന അവരുടെ പിടിവാശിക്ക് അയവുണ്ടായില്ല. അവരുടെ അഭിപ്രായം നിരാകരിക്കുവാൻ പ്രഹ്ലാദനും ശക്തിയില്ലായിരുന്നു.

അതിഘോരമായ യുദ്ധം ആരംഭിച്ചു. നൂറു സംവൽസരം നീണ്ടുനിന്നു യുദ്ധം. ശുക്രാചാര്യന്റെ സഹായം അസുരർക്കു കൈവന്നു. അപ്പോൾ അവർ ജയിച്ചു. ദേവന്മാർ പരാജിതരായി.

ദേവേന്ദ്രൻ വ്യാഴാചാര്യരുടെ ഉപദേശപ്രകാരം ദേവിയെ സ്തുതിച്ച് ഒരു പോംവഴി ഉണ്ടാക്കണമെന്നു യാചിച്ചു. ഒടുവിൽ ദേവി ഈ നീണ്ട മൽസരത്തിൽ ഇടപെട്ടു. ദേവന്മാരെ ദേവലോകത്തേക്കും ദൈത്യരെ പാതാളത്തിലേക്കും പറഞ്ഞയച്ചു. അങ്ങനെ അനേകകാലമായുള്ള മൽസരം ഒന്നടങ്ങി.

—0—